**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 46** **10-02-2025 - ൽ മറുപടിയ്ക്ക്**

**കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.<br><br>സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്നും വിഴിഞ്ഞം ഉറമുഖത്തിന് പ്രത്യേക സഹായം അനുവദിക്കണമെന്നും ജലജീവൻ മിഷൻ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന<br>വിഹിതം ഉറപ്പാക്കുന്നതിനായി അത്തരം പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുകയും കടമെടുപ്പ് പരിധിക്ക് പുറമെ അനുവദിക്കണമെന്നും സംസ്ഥാനത്തെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ ആകെ കടമെടുപ്പിൽ നിന്ന് ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്നും ഉപാധികളില്ലാതെ 3.5 ശതമാനമാക്കണമെന്നും ദേശീയപാത വികസനത്തിന് വേണ്ടി സ്ഥലം എറ്റെടുക്കുന്നതിനായി സംസ്ഥാനം ചെലവഴിച്ച തുക ഉപാധികളില്ലാതെ വായ്പയായി എടുക്കാനും അനുവദിക്കണമെന്നും ജി.എസ്.ടി കോമ്പൻസേഷൻ തുടരണമെന്നും |

| | | | |
|---|---|---|---|
| | | | തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre- Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. 01.02.2025 ൽ ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. |
| (ബി) | കേന്ദ്രപദ്ധതികളുടെ സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി സർക്കാർ എടുത്തിട്ടുള്ള വായ്പകൾ കൂടി ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് നൽകി വരുന്ന 50 വർഷ തിരിച്ചടവ് കാലാവധിയുള്ള പ്രത്യേക പലിശ രഹിത വായ്പാ പദ്ധതിയുടെ കീഴിൽ ജലജീവൻ മിഷൻ, പി.എം.ജി.എസ്.വൈ പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിന്റെ ഒരു നിശ്ചിത തുക വായ്പയായി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത വായ്പാ പദ്ധതി സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുന്നില്ല. NHAI പദ്ധതികളുടെ സ്ഥലമെടുപ്പിന് സംസ്ഥാന സർക്കാർ ചെലവാക്കുന്ന തുകയ്ക്ക് തുല്യമായി അധിക കടമെടുക്കൽ അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. |
| (സി) | സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരങ്ങൾ കവർന്നെടുത്തുകൊണ്ട് ചരക്കുസേവന നികുതി നിയമം നടപ്പാക്കിയതിനാൽ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%, സി.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്.<br><br>ആയതിനാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന് കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും, കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre-Budget Speech) യോഗത്തിലും ബഹു.ധനകാര്യ വകുപ്പ് മന്ത്രി ഈ കാര്യം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല. |
| (ഡി) | സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത് അനുകൂലമായ നിലപാടാണോ; വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.<br><br>സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്നും വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേക സഹായം അനുവദിക്കണമെന്നും ജലജീവൻ മിഷൻ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി അത്തരം പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുകയും കടമെടുപ്പ് പരിധിക്ക് പുറമെ അനുവദിക്കണമെന്നും സംസ്ഥാനത്തെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ ആകെ കടമെടുപ്പിൽ നിന്ന് ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്നും ഉപാധികളില്ലാതെ 3.5 ശതമാനമാക്കണമെന്നും ദേശീയപാത വികസനത്തിന് വേണ്ടി സ്ഥലം എറ്റെടുക്കുന്നതിനായി സംസ്ഥാനം ചെലവഴിച്ച തുക ഉപാധികളില്ലാതെ വായ്പയായി എടുക്കാനും അനുവദിക്കണമെന്നും ജി.എസ്.ടി കോമ്പൻസേഷൻ തുടരണമെന്നും തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre- Budget |

| | | | |
|---|---|---|---|
| | | | Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. 01.02.2025 ൽ ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *46 - 10/02/2025 - ലെ മറുപടിക്ക്

### കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജ്

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**

**ശ്രീ.കെ.എൻ.ബാലഗോപാൽ**
**(ധനകാര്യ വകുപ്പുമന്ത്രി)**

| നമ്പർ | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കുമോ; | സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്. കേരളത്തോട് കേന്ദ്രസർക്കാർ സ്വീകരിച്ചുപോരുന്ന സാമ്പത്തിക നയങ്ങളും സമീപനങ്ങളും തിരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ആവശ്യങ്ങളൊന്നും തന്നെ കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടില്ല.<br>സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രത്യേക സാമ്പത്തിക പാക്കേജും വയനാട് പുനരധിവാസത്തിന് പ്രത്യേക സഹായവും പ്രഖ്യാപിക്കണമെന്നും വിഴിഞ്ഞം തുറമുഖത്തിന് പ്രത്യേക സഹായം അനുവദിക്കണമെന്നും ജലജീവൻ മിഷൻ പോലെയുള്ള കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി അത്തരം പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ തുകയും കടമെടുപ്പ് പരിധിക്ക് പുറമെ അനുവദിക്കണമെന്നും സംസ്ഥാനത്തെ പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾ ആകെ കടമെടുപ്പിൽ നിന്ന് ഒഴിവാക്കുന്നതിനും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 3 ശതമാനത്തിൽ നിന്നും ഉപാധികളില്ലാതെ 3.5 ശതമാനമാക്കണമെന്നും ദേശീയപാത വികസനത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി സംസ്ഥാനം |
| (ഡി) | സംസ്ഥാനത്തിന്റെ ധനപരമായ ആവശ്യങ്ങളോട് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത് അനുകൂലമായ നിലപാടാണോ; വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | ചെലവഴിച്ച തുക ഉപാധികളില്ലാതെ വായ്പയായി എടുക്കാനും അനുവദിക്കണമെന്നും ജി.എസ്.ടി കോമ്പൻസേഷൻ തുടരണമെന്നും തുടങ്ങിയ ആവശ്യങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre- Budget Speech) യോഗത്തിൽ ധനകാര്യ മന്ത്രി ആവശ്യപ്പെട്ടിരുന്നു. 01.02.2025 ൽ ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലും കേരളത്തിന്റെ ആവശ്യങ്ങളൊന്നും പരിഗണിച്ചിട്ടില്ല. |
| (ബി) | കേന്ദ്രപദ്ധതികളുടെ സംസ്ഥാന വിഹിതം ഉറപ്പാക്കുന്നതിനായി സർക്കാർ എടുത്തിട്ടുള്ള വായ്പകൾ കൂടി ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | മൂലധന നിക്ഷേപങ്ങൾക്കായി സംസ്ഥാനങ്ങൾക്ക് നൽകി വരുന്ന 50 വർഷ തിരിച്ചടവ് കാലാവധിയുള്ള പ്രത്യേക പലിശ രഹിത വായ്പാ പദ്ധതിയുടെ കീഴിൽ ജലജീവൻ മിഷൻ, പി.എം.ജി.എസ്.വൈ പോലെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതത്തിന്റെ ഒരു നിശ്ചിത തുക വായ്പയായി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത വായ്പാ പദ്ധതി സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധിക്കുള്ളിൽ ഉൾപ്പെടുന്നില്ല. NHAI പദ്ധതികളുടെ സ്ഥലമെടുപ്പിന് സംസ്ഥാന സർക്കാർ ചെലവാക്കുന്ന തുകയ്ക്ക് തുല്യമായി അധിക കടമെടുക്കൽ അനുവദിക്കണമെന്ന ആവശ്യം കേന്ദ്ര സർക്കാർ ഇതുവരെ പരിഗണിച്ചിട്ടില്ല. |
| (സി) | സംസ്ഥാനങ്ങളുടെ നികുതി നിർണ്ണയാധികാരങ്ങൾ കവർന്നെടുത്തുകൊണ്ട് ചരക്കുസേവന നികുതി നിയമം നടപ്പാക്കിയതിനാൽ സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ജി.എസ്.ടി. നഷ്ടപരിഹാരം തുടരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. നികുതിനിരക്ക് നിശ്ചയിച്ചിരുന്നത് വിവിധ സംസ്ഥാനങ്ങളിൽ വാറ്റ് കാലയളവിൽ നിലവിലുണ്ടായിരുന്ന നികുതി നിരക്കിന്റെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തിയ റവന്യൂ ന്യൂട്രൽ റേറ്റ് പ്രകാരമാണ്. കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%-മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് 28% (എസ്.ജി.എസ്.ടി. 14%, സി.ജി.എസ്.ടി. 14%) ആയാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ, ജി.എസ്.ടി. കൗൺസിലിന് മുമ്പാകെ വന്ന ആവശ്യങ്ങൾ പരിഗണിച്ച് നികുതിനിരക്കിൽ ഗണ്യമായ കുറവ് പിന്നീട് വരുത്തുകയുണ്ടായി. 28% നികുതി നിരക്കുണ്ടായിരുന്ന ഭൂരിഭാഗം ചരക്കുകളുടെയും നികുതി നിരക്ക് 18%, 12% എന്നിവയായി കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി പിരിവ് |

| | | |
|---|---|---|
| | | സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്.<br>ആയതിനാൽ ജി.എസ്.ടി. നഷ്ടപരിഹാര കാലാവധി നീട്ടി നൽകണമെന്ന് കേരളം ഉൾപ്പടെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് നിരവധി കത്തുകളും നിവേദനങ്ങളും പ്രധാനമന്ത്രിക്കും, കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്കും സമർപ്പിച്ചിരുന്നു. കേന്ദ്ര ധനകാര്യ മന്ത്രിയുമായി നടന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായിട്ടുള്ള (Pre- Budget Speech) യോഗത്തിലും ബഹു.ധനകാര്യ വകുപ്പ് മന്ത്രി ഈ കാര്യം ആവശ്യപ്പെട്ടിരുന്നു. എന്നാൽ നഷ്ടപരിഹാര കാലാവധി നീട്ടുന്നതുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനങ്ങളൊന്നും ജി.എസ്.ടി. കൗൺസിലോ കേന്ദ്ര സർക്കാരോ ഇതുവരെ കൈക്കൊണ്ടിട്ടില്ല. |

Rani S

**സെക്ഷൻ ഓഫീസർ**